കില
വാർത്താപത്രിക

VOLUME-12
ISSUE-5
MAY 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

വാർഷികപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരുടെ മേഖലായോഗം കിലയിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **എ.സി.മൊയ്തീൻ** ഉദ്ഘാടനം ചെയ്യുന്നു

വാർഷികപദ്ധതി: മികവിന്റെ വർഷമാകണമെന്നു മന്ത്രി ശ്രീ. എ. സി. മൊയ്തീൻ

ജനകീയാസൂത്രണചരിത്രത്തിൽ രേഖപ്പെടുത്തുന്ന മികവിന്റെ വർഷമായിരിക്കണം 2019-20 വാർഷിക പദ്ധതിയെന്ന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ശ്രീ.എ.സി.മൊയ്തീൻ. വാർഷികപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരുടെ മേഖലായോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ചെലവ് സർവകാല റെക്കോർഡിലെത്തി. 2017-18 ൽ 85 ശതമാനമായിരുന്നു പദ്ധതി നിർവഹണം. കഴിഞ്ഞ വർഷം ഇത് 93 ശതമാനമായി. മുൻകാലങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷം പദ്ധതി നിർവഹണത്തിനു 12 മാസം ലഭിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പായതിനാൽ ഈ വർഷത്തെ പദ്ധതി അംഗീകാര നടപടികൾ ഡിസംബറിൽ തന്നെ പൂർത്തിയായിരുന്നു. പദ്ധതി ചെലവു ഉയർത്തുന്നതിനേക്കാൾ ഉപരി പദ്ധതി നിർവഹണം മികവുറ്റതും ഗുണപരവുമായിരിക്കണം. അടുത്ത വർഷം തദ്ദേശഭരണസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുപ്പു നടക്കുന്നതിനാൽ മുഴുവൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തങ്ങളുടെ കഴിവു പദ്ധതി നിർവഹണത്തിനു ഉപയോഗിക്കണം. തനതു പദ്ധതികളിൽ മികവു പുലർത്തുന്നതോടോപ്പം നവകേരള മിഷന്റെ ഭാഗമായ നാലു മിഷനുകളുടെ പ്രവർത്തനവും മികച്ചതാക്കണം. പ്രാദേശിക സർക്കാരിന്റെ ഭരണകാര്യങ്ങളിലും മികവു കാട്ടണം. നികുതി പിരിവുൾപ്പെടെ തനതു വരുമാനം വർദ്ധിപ്പിക്കണം. ജില്ലാ പദ്ധതിയുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു ജില്ല ആസൂത്രണസമിതിയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും പ്രാധാന്യം നൽകണം. സംയുക്ത പ്രോജക്ടുകൾക്കു സഹായം നൽകാൻ 40 കോടി രൂപ സർക്കാർ നീക്കിവച്ചിട്ടുണ്ട്. തൊഴിലുറപ്പുപദ്ധതി ഫലപ്രദമായി നടപ്പാക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്നു മന്ത്രി പറഞ്ഞു.

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അദ്ധ്യക്ഷയായിരുന്നു. സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ, തദ്ദേശസ്വയംഭരണവകുപ്പു അഡീഷ്ണൽ ചീഫ് സെക്രട്ടറി ടി.കെ.ജോസ്, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, പഞ്ചായത്ത് ഡയറക്ടർ ബി.എസ്.തിരുമേനി, തദ്ദേശസ്വയംഭരണവകുപ്പു ചീഫ് എഞ്ചിനീയർ, വിവിവ വകുപ്പു മേധാവികൾ, തൃശ്ശൂർ മേയർ അജിത വിജയൻ, എസ്.ആർ.ജി.കൺവീനർ ആർ.എസ്. സനൽകുമാർ, തൃശ്ശൂർ, എറണാകുളം, മലപ്പുറം, പാലക്കാട് ജില്ലകളിൽനിന്നുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ എന്നിവർ പങ്കെടുത്തു.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

കുടിവെള്ളക്ഷാമം പ്രകടമായ കോളനികളിൽ വാട്ടർ കിയോസ്ക്കുകൾ

ജലദൗർലഭ്യം അനുഭവപ്പെടുന്ന എസ്.സി./എസ്.ടി./ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അവിടത്തെ കുടുംബങ്ങളുടെ എണ്ണത്തിനു ആനുപാതികമായി 500/1000 ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അനുവദിച്ചിരിക്കുന്നു. അതിനു ആവശ്യമുള്ള തുക പ്ലാൻ ഫണ്ടിൽനിന്നോ തനതുഫണ്ടിൽനിന്നോ വിനിയോഗിക്കാവുന്നതാണ്.(സ.ഉ.(സാധാ)800/2019/തസ്വഭവ.4.4.2019

2019–20 വർഷത്തെ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു

ജനകീയാസൂത്രണപദ്ധതി പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2019-20 വർഷത്തെ വാർഷികപദ്ധതി -സ്പിൽ ഓവർ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി പരിഷ്ക്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. 15.5.2019 ലെ സർക്കാർ ഉത്തരവ് (സാധാ)990/2019 തസ്വഭവ നമ്പറായാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈററിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം

കേരളത്തിലെ എല്ലാസർക്കാർ, അർദ്ധസർക്കാർ, സ്വയംഭരണസ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഭരണനവീകരത്തിന്റെ ഭാഗമായി എല്ലാ ഓഫീസുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ബയോമെട്രിക്ക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കാൻ നിർദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിനു കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. (സ.ഉ. (കൈ) 77/2019 പൊ.ഭ.വ.6.5.2019)

സ്റ്റാമ്പു ഡ്യൂട്ടി ഒഴിവാക്കിയ ഉത്തരവ് റദ്ദുചെയ്തു

ലൈഫ്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തികൾ വീടുവയക്കാൻ ഭൂമി വാങ്ങുന്നതിനു സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചുകൊണ്ട് 12.2.2019 ൽ തദ്ദേശസ്വയംഭരണവകുപ്പു പുറപ്പെടുവിച്ച ഉത്തരവ് റദ്ദുചെയ്തു പുതിയ ഉത്തരവ് ഇറക്കി. (സ.ഉ.(സാധാ) 652/2019.ത.സ്വ.ഭ.വ.19.3.2019)

മഴക്കാലപൂർവ ശുചീകരണം

മഴക്കാലപൂർവ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധം എന്നിവയ്ക്കായി കൈകൊള്ളേണ്ട നടപടികൾ അടിയന്തിരമായി ചെയ്യാൻ സർക്കാർ നിർദ്ദേശിക്കുന്നു. മഴക്കാലത്തിനു മുന്നോടിയായി കുളങ്ങളും നദികളും തോടുകളും വൃത്തിയാക്കി ഒഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യസംസ്കരണത്തിനു ജനവാസമില്ലാത്ത അനുയോജ്യമായ സ്ഥലം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മഴക്കാലപൂർവ ശുചീകരണം, പകർച്ചവ്യാധി നിയന്ത്രണം എന്നിവ സംസ്ഥാനത്തു കാര്യക്ഷമമായി നടപ്പാക്കുന്നതിനു 2019 മേയ് മാസത്തിൽ സംസ്ഥാനവ്യാപകമായി ശുചീകരണയജ്ഞം നടപ്പാക്കണം. ദേശീയ ആരോഗ്യമിഷൻ, ശുചിത്വമിഷൻ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ഇക്കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം.(സർക്കുലർ നമ്പർ 131/എം.എം.3/2019.തസ്വഭവ.2.5.2019)

കിലയുടെ ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് (ഡി.എൽ.ജി) രണ്ടാംബാച്ചിലെ പഠിതാക്കൾ ഹൈദരാബാദിലെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് ആന്റ് പഞ്ചായത്തിരാജ് (എൻ.ഐ.ആർ.ഡി) സന്ദർശിച്ചപ്പോൾ

കുട്ടികളുടെ അവധിക്കാല പെൻസിൽ ക്യാമ്പിന്റെ മുന്നോടിയായി റിസോഴ്സ് പേഴ്സൺമാർക്കു കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടി

മാലിന്യമുക്തപരിസരം: സംസ്ഥാനത്ത് 20 ലക്ഷം കുട്ടികളെ സജ്ജരാക്കുന്നു

ആരോഗ്യരക്ഷയ്ക്കു മാലിന്യമുക്ത പരിസരം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 20 ലക്ഷം സകൂൾ കുട്ടികൾക്കു പരിശീലനം നൽകുന്ന ബൃഹദ്പദ്ധതിക്കു തുടക്കം. ഹരിത കേരളം മിഷൻ, കുടുംബശ്രീമിഷൻ, ആരോഗ്യവകുപ്പ്, കില, ശുചിത്വമിഷൻ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ മധ്യവേനലവധിക്കാലത്ത് പെൻസിൽ എന്ന പേരിൽ ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചാണ് ഈ ലക്ഷ്യം കൈവരിക്കുന്നത്. കഴിഞ്ഞ വർഷത്തെ അവധിക്കാലത്ത് നടത്തിയ ജാഗ്രതോത്സവത്തിന്റെ തുടർച്ചയായാണ് പെൻസിൽ ക്യാമ്പ് വിഭാവനം ചെയ്തിട്ടുള്ളത്. മാലിന്യത്തിന്റെ അളവു കുറയ്ക്കാനും പരിസ്ഥിതി സൗഹൃദവസ്തുക്കൾ കൂടുതലായി ഉപയോഗിക്കുന്ന ശീലം വളർത്തിയെടുക്കുകയാണ് പെൻസിൽ ക്യാമ്പിന്റെ പ്രധാന ലക്ഷ്യം.

മാലിന്യം തരം തിരിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും കുട്ടികളുടെ അനുഭവമാക്കി മാറ്റുക, പാഴ്വസ്തുക്കൾ മാലിന്യമായി മാറ്റുന്ന സാഹചര്യം സംബന്ധിച്ച് അവബോധമുണ്ടാക്കുക, മാലിന്യങ്ങളുടെ അളവു കുറയ്ക്കുക, പുനരുപയോഗസാധ്യതകൾ പ്രയോജനപ്പെടുത്തുക, മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളേയും അവയ്ക്കു ലഭിക്കാവുന്ന ശിക്ഷയേയും കുറിച്ച് കുട്ടികളിൽ ധാരണ വളർത്തുക, നിയമലംഘനത്തിനെതിരെ പ്രതിരോധിക്കാനുള്ള ശേഷി വളർത്തുക, പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലമുണ്ടാക്കുക തുടങ്ങിയവയാണ് ക്യാമ്പിന്റെ മറ്റു ലക്ഷ്യങ്ങൾ. ഒരു വാർഡിൽ നിന്ന് 50 വീതം കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. 7,8,9 ക്ലാസ്സുകളിൽ പഠിക്കുന്നവരാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്.

ക്യാമ്പിന്റെ മുന്നോടിയായുള്ള ജില്ലാതല റിസോഴ്സ് പേഴ്സൺമാരുടെ ദ്വിദി പരിശീലന പരിപാടി കിലയിലും മറ്റു ജില്ലാകേന്ദ്രങ്ങളിലും തുടങ്ങി. ഹരിതകേരളം മിഷൻ, കുടുംബശ്രീ ജില്ലാമിഷൻ, കില, ജനകീയാസൂത്രണം ജില്ലാ കോർഡിനേറ്റർമാർ, ആർ.ജി.എസ്.എ ജില്ലാ കോർഡിനേറ്റർമാർ എന്നിവരാണ് ജില്ലാതല പരിശീലനങ്ങൾക്കും ബ്ലോക്ക്തല പരിശീലനങ്ങൾക്കും നേതൃത്വം നൽകുന്നത്. ഓരോ പഞ്ചായത്തിൽനിന്നും രണ്ടുവീതം കുടുംബശ്രീ പ്രവർത്തകരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. തൃശ്ശൂർ ജില്ലയുടെ പരിശീലനം ജനകീയാസൂത്രണം ജില്ലാ കോർഡിനേറ്റർ വി.വി.സുധാകരൻ ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി.എസ്.ജയകുമാർ, കുടുംബശ്രീ ജില്ല പ്രോഗ്രാം ഓഫീസർ ശബദ്ന ആസ്മി എന്നിവർ സംസാരിച്ചു. പി.ആർ രവിഷ്, അനില, മഞ്ചു ഉണ്ണികൃഷ്ണൻ, പ്രിയചന്ദ്രൻ,എൽസാ ജോർജ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. മേയ് 5 മുതൽ 15 വരെയാണ് വാർഡുതല ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ മാത്രം ഒരു ലക്ഷം വിദ്യാർത്ഥികളെ ഇതിനായി സജ്ജരാക്കുമെന്നു സംഘാടകർ അറിയിച്ചു.

ഗ്രാമീണതൊഴിലുറപ്പുപദ്ധതി: എഞ്ചിനിയർമാരുടെ പരിശീലനം പൂർത്തിയായി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനിയർമാർക്കുള്ള ഏകദിന പരിശീലനം കിലയിൽ പൂർത്തിയായി. ഉൽപ്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ഗ്രാമീണതൊഴിലുറപ്പുപദ്ധതി ഏറ്റെടുത്തു നടപ്പിലാക്കാൻ എഞ്ചിനിയർമാരെ പ്രാപ്തരാക്കുകയാണ് പരിശീലനലക്ഷ്യം. ഗ്രാമീണ മേഖലയിൽ അവിദഗ്ദ്ധ കായികാദ്ധ്വാനത്തിനു തയ്യാറുള്ള ഓരോ കുടുംബത്തിനും സാമ്പത്തികവർഷം 100 ദിവസത്തെ തൊഴിൽ നൽകുക എന്നതാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. മിഷൻ പ്രോഗ്രാം ഓഫീസർമാരായ ബാലചന്ദ്രൻ നായർ, സനുബ്, രവിരാജ്, അനിഷ്, എഞ്ചിനിയർമാരായ ബൈജു, പുഷ്പലത തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയിലെ വിനോദ്കുമാർ, എം.രേണുകുമാർ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. സംസ്ഥാനത്തെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലേയും തൃശ്ശൂർ, പാലക്കാട്, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിലേയും എഞ്ചിനിയർമാർക്കാണ് കിലയിൽ പരിശീലനം നൽകിയത്. ആറു ബാച്ചുകളിലായി കിലയിൽ മാത്രം 1200 പേർ പരിശീലനം പൂർത്തിയാക്കി. മറ്റു ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനിയർമാർക്കുള്ള പരിശീലനം കൊട്ടാരക്കര, തളിപ്പറമ്പ് എന്നിവിടങ്ങളിലെ കിലയുടെ മേഖലാകേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു.

തൊഴിലുറപ്പുപദ്ധതി നടത്തിപ്പു സംബന്ധിച്ച് തിരുവനന്തപുരം മുതൽ എറണാകുളം ജില്ല വരെയുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനപരിപാടി

തൊഴിലുറപ്പുപദ്ധതിയിലൂടെ 3,000 കോടി രൂപ സംസ്ഥാനത്ത് ചെലവഴിച്ചു:മന്ത്രി മൊയ്തീൻ

കഴിഞ്ഞ സാമ്പത്തികവർഷം മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി വഴി സംസ്ഥാനത്ത് മൂവായിരം കോടി രൂപ ചെലവഴിച്ചുവെന്ന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ. സി.മൊയ്തീൻ പറഞ്ഞു. ഈ സാമ്പത്തികവർഷത്തെ തൊഴിലുറപ്പുപദ്ധതി നടത്തിപ്പു സംബന്ധിച്ച് തിരുവനന്ത പുരം മുതൽ എറണാകുളം ജില്ല വരെയുള്ള ഗ്രാമപഞ്ചാ യത്ത് പ്രസിഡന്റുമാർക്കു കിലയിൽ സംഘടിപ്പിച്ച ഏക ദിന പരിശീലന പരിപാടി വീഡിയോ കോൺഫ്രൻസിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മൊത്തം 975.26 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഒരു കുടുംബത്തിനു ശരാശരി 65.97 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ഈ വർഷം സ്ഥായിയായ ആസ്തികളുടെ നിർമ്മാണ ത്തിനു മുൻഗണന നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. പ്രളയത്തിന്റെയും വരൾച്ചയു ടെയും സാഹചര്യത്തിൽ തൊഴിലുറപ്പുപദ്ധതി സാധ്യത കളെ പരമാവധി പ്രയോജനപ്പെടുത്തി തൊഴിലും സ്ഥായി യായ ജീവനോപാധികളും സൃഷ്ടിക്കുന്നതിനു ഗ്രാമപഞ്ചാ യത്ത് പ്രസിഡന്റുമാർ ശ്രദ്ധിക്കണമെന്നും മന്ത്രി നിർദ്ദേ ശിച്ചു.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷനായിരു ന്നു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.പി. വിശ്വംഭരപ്പണി ക്കർ, സംസ്ഥാന തൊഴിലുറപ്പുകൗൺസിൽ മെമ്പർ എസ്. രാജേന്ദ്രൻ, തൊഴിലുറപ്പുമിഷൻ സംസ്ഥാനകൗൺസിൽ പ്രോഗ്രാം ഓഫീസർ പി. ബാലചന്ദ്രൻ, കോർഡിനേറ്റർ സി. വിനോദ് കുമാർ എന്നിവർ സംസാരിച്ചു. തൃശ്ശൂർ മുതൽ കാസർകോഡ് വരെയുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റു മാർക്കുള്ള പരിശീലനം തൊട്ടടുത്ത ദിവസമായിരുന്നു.

കിലയിൽ പരിശീലനത്തിനെത്തിയ ഹിമാചൽ പ്രദേശിലെ ജനപ്രതിനിധികൾ

ഹിമാചൽപ്രദേശ് ജനപ്രതിനിധികൾ കിലയിൽ

ഹിമാചൽപ്രദേശിലെ സിർമോർ ജില്ലാപഞ്ചായത്ത് പ്രസി ഡന്റ് ദലീപ്സിംഗ് ചൗഹാന്റെ നേതൃത്വത്തിൽ ജനപ്ര തിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന 19 അംഗ സംഘം കിലയിലെത്തി. അഞ്ചുപേർ ഉദ്യോഗസ്ഥരും ശേഷിച്ച വർ ജനപ്രതിനിധികളുമാണ്. കേരളത്തിലെ ഗ്രാമ-ബ്ലോ ക്ക്-ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ, ഉത്തരവാ ദിത്വങ്ങൾ, അധികാരങ്ങൾ, വിഭവസ്രോതസ്സുകൾ, കൈമാറി കിട്ടിയ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം, ബാലസൗഹൃദ തദ്ദേശഭരണം എന്നിവയെക്കുറിച്ച് കൂടു തൽ അറിയാനും പഠിക്കാനുമാണ് സംഘമെത്തിയത്. കിലയിൽ ഇവർക്കു നാലുദിവസത്തെ പരിശീലനപരി പാടി സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇള മൺ ആമുഖപ്രഭാഷണം നടത്തി.

കില പ്രൊഫ.ഡോ.സണ്ണി ജോർജ്, അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ്, പ്രൊഫ.ടി.രാഘവൻ, പി. വി.രാമകൃഷ്ണൻ, എം.രേണുകുമാർ എന്നിവർ വിവിധ വിഷ യങ്ങളിൽ ക്ലാസ്സെടുത്തു. പരിശീലനത്തിനിടയ്ക്ക് കാടുകുറ്റി ഗ്രാമപഞ്ചായത്ത്, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശിച്ച് ജനപ്രതി നിധികളും ഉദ്യോഗസ്ഥരുമായി സംഘം ചർച്ച നടത്തി.

കല്പറ്റ നിയോജകമണ്ഡലത്തിലെ പച്ചപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള വളണ്ടിയർമാരുടെ ദ്വിദിന പരിശീലനപരിപാടിയിൽ **സി.കെ.ശശീന്ദ്രൻ എം.എൽ.എ** സംസാരിക്കുന്നു

കല്പറ്റയുടെ പച്ചപ്പ് പദ്ധതി: പഞ്ചായത്ത് തല വളണ്ടിയർ പരിശീലനം

കല്പറ്റ നിയോജകമണ്ഡലത്തിലെ പച്ചപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള വളണ്ടിയർമാരുടെ ദ്വിദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. പച്ചപ്പ് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് സി. കെ. ശശീന്ദ്രൻ എം.എൽ.എ സംസാരിച്ചു. ആദിവാസി സൗഹൃദ സമീപനത്തെസംബന്ധിച്ച് കോഴിക്കോട് കീർത്താഡ്സിലെ റിസർച്ച് ഓഫീസർ സുഭാഷ് വിശദീകരിച്ചു. പരിശീലനത്തിന്റെ കോർഡിനേറ്റർ എം.രേണുകുമാറും പച്ചപ്പ് പദ്ധതിയുടെ കോർഡിനേറ്റർ കെ.ശിവദാസനും സംസാരിച്ചു. ബാല-വയോജന-വനിത സൗഹൃദ സമീപനത്തെപറ്റി എം.ജി. കാളിദാസൻ, ഡോ.കെ.പി.എൻ. അമൃത, ഭാസ്കരൻ പള്ളിക്കര എന്നിവർ ക്ലാസ്സെടുത്തു.

കല്പറ്റ നിയോജകമണ്ഡലത്തെ കർഷക-ആദിവാസി സൗഹൃദ ഹരിതമണ്ഡലമാക്കാൻ കിലയുടെ സഹായത്തോടെ സി.കെ.ശശീന്ദ്രൻ എം.എൽ.എ നടപ്പാക്കുന്ന പദ്ധതിയാണ് പച്ചപ്പ്. വയനാടിന്റെ മണ്ണ്, ജലം, ജൈവവൈവിധ്യം, കൃഷി, വനസമ്പത്ത് എന്നിവ നിലനിർത്താൻ ജനകീയ ഇടപെടലിലൂടെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കർഷക-ആദിവാസി സൗഹൃദ ഹരിതമണ്ഡലമാക്കുകയാണ് പച്ചപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. അതിനായി പഞ്ചായത്ത്/ നഗരസഭ തലത്തിൽ വീട്ടുകൂട്ടം, നാട്ടുകൂട്ടം, രൂപീകരിക്കുകയും ചെയ്തു. ഹരിത കേരള മിഷൻ, ശുചിത്വമിഷൻ, കൃഷി, പട്ടികവർഗ്ഗവികസനം, ആരോഗ്യം, തൊഴിലുറപ്പുപദ്ധതി, കുടുംബശ്രീമിഷൻ, ടൂറിസം, വനം, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെയാണ് പച്ചപ്പ് പദ്ധതി നടപ്പിലാക്കുന്നത്. വീട്ടുകൂട്ടം, നാട്ടുകൂട്ടം, വാർഡ് സഭ, പഞ്ചായത്ത്/ നഗരസഭ സമിതി നിയോജകമണ്ഡല കമ്മിറ്റി എന്നിങ്ങനെയാണ് പച്ചപ്പ് പദ്ധതിയുടെ സംഘടനാസംവിധാനം. പത്തുമുതൽ 20 വരെ വീടുകളെ ചേർന്നതാണ് വീട്ടുകൂട്ടം. 4-5 വീട്ടുകൂട്ടങ്ങൾ ചേർന്നാൽ നാട്ടുകൂട്ടമായി. നാട്ടുകൂട്ടം ഭാരവാഹികളും വളണ്ടിയർമാരും ചേർന്നതാണ് വാർഡ് സഭ. വീട്ടുകൂട്ടം, നാട്ടുകൂട്ടം, വാർഡ് സഭ യൂണിറ്റുകളുടെ ഏകോപനത്തിനാണ് പഞ്ചായത്ത് സമിതി. നിയോജകമണ്ഡലത്തിലെ പത്തു പഞ്ചായത്തുകളിലും കല്പറ്റ നഗരസഭയിലും പഞ്ചായത്ത് സമിതികൾ രൂപീകരിച്ചുകഴിഞ്ഞു.

ബാലസൗഹൃദ തദ്ദേശഭരണം: നൂതനപ്രോജക്ടുകൾ ഡോക്യുമെന്റ് ചെയ്യുന്നു

ബാലസൗഹൃദ തദ്ദേശഭരണത്തിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനത്തെ 25 ഗ്രാമപഞ്ചായത്തുകളേയും അഞ്ചു നഗരസഭകളേയും ഉൾപ്പെടുത്തി അവരുടെ നൂതന പ്രോജക്ടുകൾ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള ദ്വിദിന ശില്പശാല കിലയിൽ സംഘടിപ്പിച്ചു. കില മുന്നോട്ടുവച്ച ബാലസൗഹൃദ തദ്ദേശഭരണം എന്ന ആശയം കേന്ദ്രസർക്കാർ അംഗീകരിക്കുകയും ബാലസൗഹൃദ ഭരണത്തിൽ അവാർഡ് ഏർപ്പെടുത്തുന്നതിനു തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിലാണ് മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച തദ്ദേശസ്ഥാപനങ്ങളുടെ അനുഭവങ്ങൾ ഒരു പ്രക്രിയയായി രേഖപ്പെടുത്തുനനതിനു തീരുമാനിച്ചത്.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം. രാജ് ആമുഖാവതരണം നടത്തി. ഭാസ്കരൻ പള്ളിക്കര, എംജി. കാളിദാസൻ എന്നിവർ ശില്പശാലയ്ക്കു നേതൃത്വം നല്കി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സന്നദ്ധപ്രവർത്തകർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

വനിതാദിനം: കൊട്ടാരക്കര കിലയിൽഏകദിന ശില്പശാല

സാർവദേശീയ വനിതാദിനത്തിൽ കൊട്ടാരക്കര കില സി. എച്ച്.ആർ.ഡിയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. കൊട്ടാരക്കര നഗരസഭയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ശില്പശാല ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പി.കെ.ഗോപൻ ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർമാൻ സി.മുകേഷ് അദ്ധ്യക്ഷത വഹിച്ചു. സെന്റ് ഗ്രിഗോറിയോസ് കോളേജ് പ്രിൻസിപ്പൾ മുഖ്യാതിഥിയായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.ശശികുമാർ മുഖ്യപ്രഭാഷണം നടത്തി. സാഹിത്യകാരി വൃന്ദ, അഡ്വ.പ്രശോഭ, പി.കെ.പ്രദീപ്കുമാർ എന്നിവർ ആശംസകളർപ്പിച്ചു. സാക്ഷരതാമിഷൻ നവചേതന പരീക്ഷയിൽ ഒന്നാംസ്ഥാനം നേടിയ തങ്കമ്മ, മികച്ച കർഷശ്രീ സൂസി എന്നിവരെ ചടങ്ങിൽ ആദരിച്ചു. കില സി.എച്ച്. ആർ.ഡി. റീജിണൽ ഡയറക്ടർ വനജകുമാരി സ്വാഗതവും ഓഫീസ് മാനേജർ എൻ.അനിൽകുമാർ നന്ദിയും പറഞ്ഞു. ആണത്തം, ട്രാൻസ്ജെന്റർ-ദ്വന്ദ്വസങ്കൽപ്പങ്ങൾക്കപ്പുറം എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. കെ.ദിലീപ് കുമാറായിരുന്നു ശില്പശാലയുടെ കോർഡിനേറ്റർ.

ചോദ്യങ്ങൾക്കു മറുപടി

? മഴക്കാലപൂർവ ശുചീകരണ-രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു എത്ര തുക ചെലവഴിക്കാം?

● മഴക്കാലപൂർവ ശുചീകരണ-പ്രതിരോധപ്രവർത്തനങ്ങൾക്കായി നഗരസഭകൾക്കും ഗ്രാമപഞ്ചായത്തിനും വാർഡ് ഒന്നിനു 10,000/-രൂപ വീതവും കോർപ്പറേഷൻ വാർഡുകൾക്കു 20,000/-രൂപ വീതവും ചെലവഴിക്കാം. ഈ തുക ശുചിത്വമിഷൻ നൽകുന്ന ഫണ്ടിൽനിന്നാണ് ചെലവഴിക്കേണ്ടത്. തനതു ഫണ്ടിൽനിന്നും 5000/-രൂപ വീതവും ചെലവഴിക്കാം. (സ.ഉ.(സാധാ) 923/2019/തസ്വഭവ. തീയതി 2.5.2019)

? പഞ്ചായത്ത് പ്രസിഡന്റിനു വീട്ടിൽനിന്നു വന്നു പോകുന്നതിനു ഔദ്യോഗിക വാഹനം ദിവസവും ഉപയോഗിക്കാമോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്കു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള വാസഗൃഹത്തിൽനിന്നു ഓഫീസിലേക്കു വന്നുപോകുന്നതിനു ദിവസത്തിൽ ഒരു പ്രാവശ്യം ഔദ്യോഗിക വാഹനം ഉപയോഗിക്കാവുന്നതാണ്. (സർക്കുലർ നമ്പർ 62092/ഇ.എം.2/09/തസ്വഭവ. 13.6.2009.)

? ഒരു കൂട്ടുകുടുംബത്തിലെ അംഗങ്ങൾ തമ്മിൽ ഭാഗം വയ്ക്കുമ്പോൾ ഭൂവികസനം എന്നതിൽ ഉൾപ്പെടുത്തി പെർമിറ്റ് എടുക്കണമോ?

● കുടുംബസ്വത്ത് അവകാശികൾ തമ്മിൽ ഭാഗം വയ്ക്കുമ്പോൾ അതു ഭൂവികസനത്തിൽ ഉൾപ്പെടുന്നില്ല. അതല്ലാതെ ഭൂമി വിഭജനം നടത്തൽ തെരുവുകൾ, നടപ്പാതകൾ നിർമ്മിക്കുക, നിലം നികത്തുക, മറ്റുതരത്തിൽ ഭൂമിയുടെ നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്തുക എന്നിവയാണ് ഭൂമി വികസനത്തിൽ ഉൾപ്പെടുന്നത്.(കെ.പി.ബി.ആർ സെക്ഷൻ 31)

? പഞ്ചായത്ത് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനുമെതിരെ അവിശ്വാസപ്രമേയം കൊണ്ടുവരുന്നത് എങ്ങനെയാണ്? ക്വാറം എത്രയാണ്?

● പഞ്ചായത്ത് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനുമെതിരെയുള്ള അവിശ്വാസപ്രമേയം ബന്ധപ്പെട്ട പഞ്ചായത്തിനു അനുവദിക്കപ്പെട്ടതും തെരഞ്ഞെടുക്കപ്പെട്ടതുമായ മൊത്തം അംഗസംഖ്യയുടെ മൂന്നിൽ ഒന്നിൽ കുറയാത്ത അംഗങ്ങൾ ഒപ്പിട്ട ഒരു പ്രമേയം വഴി തെരഞ്ഞെടുപ്പു കമ്മീഷൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കു രേഖാമൂലം നോട്ടീസ് നൽകേണ്ടതാണ്. അപ്രകാരം നോട്ടീസ് കിട്ടിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അദ്ധ്യക്ഷതയിൽ പ്രമേയം അവതരിപ്പിക്കാൻ യോഗം വിളിച്ചുചേർക്കും. ടി യോഗത്തിൽ മൊത്തം അംഗസംഖ്യയുടെ ഒന്നു പകുതിയായിരിക്കും ക്വാറം. ടി യോഗത്തിൽ മൊത്തം അംഗസംഖ്യയുടെ ഭൂരിപക്ഷപ്രകാരം പ്രമേയം പാസ്സായാൽ അവിശ്വാസം പാസ്സായതായി പ്രഖ്യാപിക്കുന്നതാണ്.(കെ.പി.ആർ ആക്ട്-സെ.157)

ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? വിധവാപെൻഷനുള്ള അർഹത എന്താണ്?

● ഭർത്താവ് മരണപ്പെടുകയോ ഏഴുവർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ വിവാഹബന്ധം നിയമപരമായി വേർപെടുത്താത്തതോ ആയ സ്ത്രീകളെ വിധവയായി കണക്കാക്കാം. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. തുടർച്ചയായി രണ്ടുവർഷം കേരളത്തിൽ സ്ഥിരതാമസമാക്കിയവരായിരിക്കണം. അപേക്ഷക സർവീസ് പെൻഷനറാകരുത്. അപേക്ഷകയുടെയോ കുടുംബത്തിന്റെയോ പേരിൽ രണ്ട് ഏക്കറിൽ കൂടുതൽ ഭൂമി ഉണ്ടാകരുത്. (എസ്.ടി. വിഭാഗത്തിനു ഭൂമിയുടെ കാര്യത്തിൽ നിബന്ധനയില്ല)

? ലക്ഷം വീട് നൽകിയിട്ടുള്ളവർ അവരുടെ വീടുകൾ സ്വന്തം പേരിൽ ഉടമസ്ഥാവകാശം ആവശ്യപ്പെടുന്നു. അപ്രകാരം നൽകാൻ വ്യവസ്ഥയുണ്ടോ?

● ലക്ഷം വീട് നൽകിയവർക്കു അവരുടെ പേരിൽ പട്ടയം നൽകാൻ വ്യവസ്ഥയുണ്ട്. പഞ്ചായത്തിന്റെ സമ്മതത്തോടുകൂടി റവന്യു വകുപ്പിൽനിന്ന് അവർക്കു പട്ടയം നൽകാൻ സർക്കാർ ഉത്തരവിട്ടിരുന്നു. അപ്രകാരം പട്ടയം ലഭിച്ചാൽ പിന്നീട് അവരുടെ പേരിൽ തന്നെയാണ് ഉടമസ്ഥാവകാശവും. (സ.ഉ.(സാധാ)1147/2009/തസ്വഭവ. 15.5.2009)

? പ്രൈവറ്റ് കോളേജുകളിലും പാരലൽ കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ആനുകൂല്യങ്ങൾ നൽകാമോ?

● പാരലൽ കോളേജുകളിലും പ്രൈവറ്റ് കോളേജുകളിലും പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു അവർ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത രേഖകൾ പ്രകാരം ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. (സ.ഉ.(കൈ)22/2018 തസ്വഭവ. തീയതി.14.2.18.ഖ.7.2.9)

തൃശ്ശൂർ പൂരം പ്രദർശന നഗറിലെ മികച്ച പവലിയനു കിലയ്ക്കു ലഭിച്ച പുരസ്കാരം കോർപ്പറേഷൻ കൗൺസിലർ മഹേഷിൽനിന്ന് കില ഡെപ്യൂട്ടി ഡയറക്ടർ പി.ബി.ഉഷ, സെക്ഷൻ ഓഫീസർ കെ.കെ ബാബു, വി.ആർ.ബാബു എന്നിവർ ചേർന്ന് സ്വീകരിക്കുന്നു

പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും

ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ കേരളത്തൽ ഉയർന്ന ആയുർദൈർഘ്യത്തിനും ദീർഘകാല രോഗങ്ങൾക്കും മനോരോഗങ്ങൾക്കും കാരണമായി. വാർദ്ധക്യസഹജവുമായ രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഗണ്യമായി വർദ്ധിച്ചു. ഈ സാഹചര്യത്തെ ഫലപ്രദമായി നേരിടുന്നതിനുവേണ്ടിയാണ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

കാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശരോഗികൾ, പക്ഷാഘാതംപോലെയുള്ള കാരണങ്ങളാൽ ശരീരം തളർന്ന് കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമുള്ള മറ്റു രോഗികൾ, സാധാരണ ജീവിതം നയിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾ, ദീർഘകാല പരിചരണവും ദൈനംദിന കാര്യങ്ങൾക്കു പരസഹായം ആവശ്യമുള്ളവർ എന്നിവർ ധാരാളം നമുക്കു ചുറ്റുമുണ്ട്. ഇത്തരം രോഗികളും അവരുടെ കുടുംബവും അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കാൻ പൊതുസമൂഹത്തിന്റെ പിന്തുണയും സഹായവും ആവശ്യമാണ്. ഇക്കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോടനുബന്ധിച്ചും സാമൂഹ്യപ്രവർത്തനരംഗത്തും പാലിലേറ്റീവ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2008 ൽ പാലിയേറ്റീവ് കേയർ നയരേഖ കേരളത്തിൽ പ്രഖ്യാപിച്ചു. 2009 മുതൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ നടത്തുന്നതിനു മാർഗ്ഗരേഖ പുറത്തിറക്കി. 2012-ൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനം നിർബന്ധിതമാക്കി. 2015 ൽ ഈ രേഖ പരിഷ്ക്കരിക്കുകയും ചെയ്തു. വീണ്ടും ഇപ്പോൾ 2019 ൽ കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പരിഷ്ക്കരിച്ച മാർഗ്ഗരേഖ പുറത്തിറക്കിയിരിക്കുകയാണ്.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും അനിവാര്യമായി നടപ്പാക്കേണ്ട ഒരു പ്രവർത്തനമാണ് പാലിയേറ്റീവ് പരിചരണവും ഹോം കെയർ സംവിധാനവും. അതിനുവേണ്ട പ്രോജക്ട് നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

■ ദീർഘകാലത്തേക്കു മരുന്നുകൾ കഴിക്കേണ്ടിവരികയോ ദൈനംദിന കാര്യങ്ങൾക്കു പരസഹായം ആവശ്യമായി വരുകയോ ഏതെങ്കിലും തരത്തിൽ ദീർഘകാലത്തെ പരിചരണം അത്യാവശ്യമായി വേണ്ടതുമായ എല്ലാ രോഗികളേയും കണ്ടെത്തി, ആശാവർക്കർമാരുടേയും സന്നദ്ധപ്രവർത്തകരുടേയും നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കണം.

■ വാർഡ് മെമ്പർമാർ/കൗൺസിലർമാർ, സന്നദ്ധപ്രവർത്തകർ, കുടുംബശ്രീപ്രവർത്തകർ, ആശാവർക്കർമാർ എന്നിവർ ചേർന്ന് ഇത്തരം രോഗികളുടെ വീടുകളിൽ ഇടയ്ക്കിടെ സന്ദർശനം നടത്തുകയും അവർക്കു സാന്ത്വനവും സന്തോഷവും നൽകണം. ഈ പ്രവർത്തനം സന്നദ്ധപ്രവർത്തനമായി നടത്തണം.

■ രോഗികൾക്കു മാനസികവും സാമൂഹ്യവുമായ പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി പരിശീലനം സിദ്ധിച്ച സന്നദ്ധപ്രവർത്തകരുടെ ഒരു സംഘം വാർഡുതോറും രൂപീകരിക്കണം. കൂടുതൽ പരിചരണം ആവശ്യമുള്ളവരെ ശ്രദ്ധിക്കാൻ ഒരു സന്നദ്ധപ്രവർത്തകനെ ചുമതലപ്പെടുത്താവുന്നതാണ്.

■ വാർഡുതല ആരോഗ്യ അവലോകനസമിതി യോഗത്തിൽ ഗുണഭോക്തൃ ലിസ്ററിൽപ്പെട്ട ഓരോ രോഗിയുടേയും പരിചരണപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും സാമൂഹ്യപിന്തുണ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും വേണം. രോഗിയുടെ പരിചരണത്തിനു ആവശ്യമുള്ള സാമഗ്രികൾ വാർഡുസമിതിയുടെ നേതൃത്വത്തിൽ ശേഖരിച്ച് ഉപയോഗത്തിനായി നൽകുകയും ചെയ്യണം. സർക്കാർ സർക്കാരിതര ആനുകൂല്യങ്ങൾക്കു അർഹതയുള്ളവർക്കു അത്തരം സഹായം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

■ സബ്സെന്റർ പരിധിയിലെ വാർഡുകളിലെ ദീർഘകാല പരിചരണം ആവശ്യമുള്ള രോഗികളുടെ ലിസ്റ്റ് സബ്സെന്റർ തലത്തിൽ ലഭ്യമാക്കണം. അവർ ആവശ്യമായ പരിശോധനകളും ജീവിതശൈലി മാറ്റങ്ങൾക്കു ആവശ്യമായ ക്ലാസ്സുകളും പരിശീലനങ്ങളും നടത്തുക, മുതിർന്ന പൗരന്മാർക്കു പകൽ വീടുകൾ പോലുള്ള സൗകര്യം ഒരുക്കുക തുടങ്ങിയവ സബ്സെന്റർ തലത്തിൽ നടത്താവുന്നതാണ്. ഇത്തരം രോഗികൾക്കു സാമൂഹ്യസംഘടനകൾ, പൊതുസമൂഹം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, എന്നിവരുടെ സഹകരണത്തോടെ പരമാവധി സാമൂഹ്യപിന്തുണ ഉറപ്പുവരുത്തേണ്ടതുമാണ്. തുടർച്ചയായി മരുന്നുകൾ ആവശ്യമായവരെ ആരോഗ്യകേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ സഹായം ചെയ്യണം. നഴ്സിംഗ പരിചരണം ആവശ്യമായവരെ തുടർപരിചരണത്തിനു ഹോംകെയർ യൂണിറ്റിലേക്കു റഫർ ചെയ്യേണ്ടതുമാണ്.

■ **ഗൃഹകേന്ദ്രീകൃത പരിചരണം**

വാർഡ്തലത്തിൽനിന്നും സബ്സെന്റർ തലത്തിൽനിന്നും റഫർ ചെയ്യുന്ന രോഗികൾക്കു തുടർപരിചരണത്തിനു നഴ്സിംഗ് പരിചരണം ആവശ്യമെങ്കിൽ കൃത്യമായ ഇടവേളകളിൽ ഗൃഹകേന്ദ്രീകൃത അടിസ്ഥാന നഴ്സിംഗ് പരിചരണം (ഹോം കേയർ) നൽകണം. ആഴ്ചയിൽ നാലുദിവസമെങ്കിലും രാവിലെ 9.30 മുതൽ വൈകീട്ട് 4.30 വരെയുള്ള സമയത്ത് ഹോം കെയർ സന്ദർശനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ ഹോം കെയർ കിറ്റുകൾ സംഘടിപ്പിച്ചിരിക്കണം.

■ അലോപ്പതി ചികിത്സയോടൊപ്പം ആയുർവേദ/ഹോമിയോ എന്നീ ചികിത്സകളും അവലംബിക്കാവുന്നതാണ്. സർക്കാർ ആശുപത്രികളിലെ വിവിധ ചികിത്സാസമ്പ്രദായങ്ങളിലെ ഡോക്ടർമാരുടെ സേവനവും പ്രയോജനപ്പെടുത്തണം.

■ മുപ്പതിനായിരത്തിലധികം ജനസംഖ്യയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഹോം കെയർ പരിചരണം നൽകേണ്ട രോഗികളുടെ എണ്ണവും പദ്ധതി തുകയുടെ ലഭ്യതയും പരിഗണിച്ച് ആവശ്യമെങ്കിൽ ഒന്നിലധികം ഹോ കെയർ ടീമുകളെ രൂപീകരിക്കാവുന്നതാണ്. ഓരോ യൂണിറ്റും സന്ദർശിച്ച് പരിചരണം നടത്തേണ്ട വീടുകളുടെ ലിസ്റ്റ് തയ്യാറാക്കി വെവ്വേറെ പരിചരണ ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

■ ഹോം കെയർ ടീം ഗൃഹസന്ദർശനം നടത്തുകയും നഴ്സിംഗ് പരിചരണം നടത്തുകയും മരുന്ന് വിതരണം ചെയ്യുകയും മാത്രമല്ല രോഗിയെ പരിചരിക്കുന്നതിനു കുടുംബാംഗങ്ങൾക്കു നിർദ്ദേശം നൽകുകയും മാനസികമായ പ്രചോദനങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

■ രോഗികൾക്കാ വശ്യമായ മരുന്നുകൾ പി.എച്ച്. സെന്ററുകളിൽനിന്ന് നൽകണം. വാട്ടർബെഡ്, എയർ ബെഡ്, വീൽചെയർ, കബോഡ് ചെയർ, എയർ കുഷ്യൻ തുടങ്ങിയവ പാലിലേറ്റീവ് കെയർ യൂണിറ്റ്/സെന്റർ/വാർഡ് തല സമിതി തലത്തിൽ നൽകാൻ ശ്രമിക്കണം.

■ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നിബന്ധനകൾ അടങ്ങിയ വിശദമായ മാർഗ്ഗരേഖ തദ്ദേശസ്വയംഭരണവകുപ്പ് 7.3.2019 ൽ സ.ഉ. (സാധാ)553/2019-ാം നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ അറിയുന്നതിനു പരിഷ്ക്കരിച്ച മാർഗ്ഗരേഖ കാണുക.

വി.ജി.ശശിധരൻ

അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് പഠിക്കുന്നതിനും കിലയിലെത്തിയ സിക്കിമിലെ റിസോഴ്സ് പേഴ്സൺമാർക്കു സംഘടിപ്പിച്ച പരിശീലനപരിപാടി

അധികാരവികേന്ദ്രീകരണത്തിൽ സിക്കിമിനു മികച്ച മുന്നേറ്റം

അധികാരവികേന്ദ്രീകരണത്തിൽ കേരളത്തിൽ വന്ന കാലോചിതമായി മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിനു സിക്കിമിലെ 21 ബ്ലോക്ക് തല റിസോഴ്സ് പേഴ്സൺമാർ കിലയിലെത്തി. സിക്കിം ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലുള്ള സംഘത്തിനു നാലുദിവസത്തെ പരിശീലനമാണ് സംഘടിപ്പിച്ചത്.കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കേരളത്തിലെ അധികാരവികേന്ദ്രീകരണം, പഞ്ചായത്തുകൾക്കു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം, കേരളത്തിലെ ധനകാര്യവികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഡോ.സണ്ണി ജോർജ്, പ്രൊഫ.ടി.രാഘവൻ, ഡോ.ജെ.ബി.രാജൻ, പി.വി. രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു.

കേരളത്തിലെ അധികാരവികേന്ദ്രീകരണവും അതു സംബന്ധിച്ച് കില പകർന്നു നൽകിയ പരിശീലനപരിപാടികളും ഈ രംഗത്തു മികച്ച മുന്നേറ്റം നടത്താൻ തങ്ങൾക്കു കഴിഞ്ഞുവെന്ന് സിക്കിം പ്രതിനിധികൾ പറഞ്ഞു. അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ സിക്കിം രണ്ടാംസ്ഥാനത്താണ്. കേരളമാണ് ഒന്നാമത്. ഇരുപതുലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള സിക്കിമിൽ ദ്വിതല പഞ്ചായത്ത് സംവിധാനമേയുള്ളൂ. ജില്ലാപഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും മാത്രം. പതിനഞ്ചുവർഷം മുമ്പുതന്നെ സിക്കിമിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കിലയിൽ പരിശീലനത്തിനെത്തിയിരുന്നു.നാട്ടിക ഗ്രാമപഞ്ചായത്തും എറണാകുളം ജില്ലാ പഞ്ചായത്തും സംഘം സന്ദർശിച്ചു.

പ്രളയകാലത്ത് മണ്ണിടിഞ്ഞ് ദുരന്തമുണ്ടായ കുറാഞ്ചേരി പ്രദേശം പരിശീലനത്തിൽ പങ്കെടുത്തവർ സന്ദർശിച്ചപ്പോൾ

ദുരന്തം നേരിടാൻ ജില്ലാതലത്തിൽ ഗ്രാമപഞ്ചായത്തുകൾക്കു പരിശീലനം

ദുരന്തനിവാരണപ്രവർത്തനങ്ങളെക്കുറിച്ചും മാർഗ്ഗങ്ങളെക്കുറിച്ചും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും മറ്റു ഉദ്യോഗസ്ഥർക്കും കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. റെഡ് ആർ (രജിസ്ട്രേഡ് എഞ്ചിനിയേഴ്സ് ഫോർ ഡിസാസ്റ്റർ റിലീഫ്) ഇന്ത്യയുടെ നേതൃത്വത്തിൽ ജില്ലാഭരണകൂടവും നാഷ്ണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഫൗണ്ടേഷനും കിലയും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. ദുരന്തം നേരിടുന്നതിനും അതിനുള്ള നിവാരണമാർഗ്ഗങ്ങളെക്കുറിച്ചുമായിരുന്നു പരിശീലനം. ദേശമംഗലം, പുത്തൂർ, പാണഞ്ചേരി, കോടശ്ശേരി, അതിരപ്പിള്ളി, മുളംകുന്നത്തുകാവ്, മാടക്കത്തറ, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ, എഞ്ചിനീയർമാർ, ജിയോളജിസ്റ്റ് രാഘവൻ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. പ്രളയകാലത്ത് മണ്ണിടിഞ്ഞ് ദുരന്തമുണ്ടായ കുറാഞ്ചേരി പ്രദേശം പരിശീലനത്തിൽ പങ്കെടുത്തവർ സന്ദർശിച്ചു. റെഡ് ആറിന്റെ പ്രോജ്ക്ട് ഓഫീസർ ഷഹിൻ, കേരള സർവകലാശാലയിലേയും ശ്രീശങ്കര സർവകലാശാലയിലേയും ജിയോളജി വകുപ്പിലെ അസി.പ്രൊഫസർ മാരായ ഡോ.സരുൺ, വിനീത എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. ലോകത്തിന്റെ പല ഭാഗങ്ങളിലുമുണ്ടായ ദുന്തനിവാരണ പ്രവർത്തനങ്ങളിൽ നേരിട്ടു പങ്കെടുത്തു പരിചയം സിദ്ധിച്ചവരാണ് പൂനൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന റെഡ് ആർ.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**